# "ദൈവം സ്നേഹം ആകുന്നു"

## എച്ച്. എ. ഡിക്സൻ

''ദൈവം ആത്മാവാകുന്നു. അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം" എന്നു യേശു, ശമര്യക്കാരി സ്ത്രീയോടു പറഞ്ഞു (യോഹന്നാൻ 4:24). ഇതിൽ ദൈവം ഒരു വ്യക്തി ആണെന്നു യേശു ഉറപ്പിച്ചു പറയുന്നു. അവൻ ആത്മാവാകുന്നു - അതായത്, വാസ്തവത്തിലുള്ള വ്യക്തി, പക്ഷെ മുഴുവനായും അമർത്യനാണ്. അവൻ ആത്മാവാണ് - അതായതു, അവനിൽ കുറവൊന്നുമില്ല. അവനെ സ്പർശിക്കുവാനോ, അവനെ മനുഷ്യ കണ്ണുകളാൽ ദർശിപ്പാനോ സാധ്യമല്ല. അവൻ ആത്മാവാണെങ്കിലും യഥാർത്ഥ വ്യക്തിയാണ്. അവൻ വ്യക്തിയായ ദൈവം അത്രേ.

1 യോഹന്നാൻ 1:5-ൽ അപ്പൊസ്തലനായ യോഹന്നാൻ പറഞ്ഞു, "ദൈവം ആത്മാവാകുന്നു, അവനിൽ ഇരുട്ടു ഒട്ടും ഇല്ല.'' ഈ പ്രസ്താവനയിൽ യോഹന്നാൻ ഉറപ്പിക്കുന്നതു ദൈവം ബുദ്ധിമാനായ ഒരു വ്യക്തി എന്നാണ്. അവൻ ഒരു വെളിച്ചമല്ല, അവൻ വെളിച്ചമാണ്. പ്രകാശം അവന്റെ സ്വഭാവമാണ്. ദൈവ സാരാംശത്തിന്റെ ബുദ്ധിപരമായ വശമാണ് അത്. പ്രകാശം ദൈവത്തിന്റെ ഗുണം മാത്രമല്ല, എന്നാൽ അതു തന്നെയാണ് ദൈവം. യാക്കൊബ് ദൈവത്തെ "വെളിച്ചങ്ങളുടെ പിതാവു" എന്നാണ് വിളിച്ചിരിക്കുന്നത് (യാക്കൊബ് 1:17). അവൻ വെളിച്ചത്തിൽ വസിക്കുന്നു എന്നാണ് പൗലൊസ് പറഞ്ഞത് (1 തിമൊഥെയൊസ് 6:16).

ദൈവ സ്വഭാവത്തെക്കുറിച്ച് ഒരു പ്രധാന പ്രസ്താവന 1 യോഹന്നാൻ 4:8-ൽ നാം കാണുന്നുണ്ട്: ''സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ." വെളിച്ചത്തെപോലെ, സ്നേഹം ദൈവത്തിന്റെ ഗുണമല്ല, അവന്റെ സ്വഭാവമാണ്. "ദൈവം വെളിച്ചം ആകുന്നു'' എന്ന പ്രയോഗം ദൈവത്തിന്റെ ബുദ്ധിപരമായ സ്വഭാവത്തെയാണ് കാണിക്കുന്നതെങ്കിൽ, "ദൈവം സ്നേഹം ആകുന്നു" എന്ന പ്രയോഗം അവന്റെ ധാർമ്മികസ്വഭാവത്തെ കാണിക്കുന്നു. ദൈവത്തിന്റെ മനോഹരത്വം, ശക്തി, നീതി എന്നിവയെ കുറിച്ചു ഒരാൾക്ക് അറിവില്ലെങ്കിൽ അയാൾക്കു അവനെക്കുറിച്ചു പലതും അറിയാമെങ്കിലും ദൈവത്തെ സംബന്ധിച്ചു പരിമിതമായ അറിവേയുള്ളു. അതുപോലെ

ഒരാൾക്കു സ്നേഹം എന്ന ആശയം അറിയില്ലെങ്കിൽ അയാൾക്കു ദൈവത്തെ അറിയില്ല. സ്നേഹം ദൈവത്തിന്റേതാണ്; കാരണം അവൻ സ്നേഹം ആകുന്നു. അപ്പോൾ, ദൈവം, ആത്മാവാകുന്നു, വ്യക്തിയായി ജീവിക്കുന്നവനുമാണ്. അവൻ വെളിച്ചമാകുന്നു, ഒരു ബുദ്ധിയുള്ള വ്യക്തി; അവൻ സ്നേഹം ആകുന്നു, ധാർമ്മികമായി ഒരു വ്യക്തി.

യോഹന്നാൻ തന്റെ ഒന്നാം ലേഖനം ക്രിസ്ത്യാനികൾക്കാണ് എഴുതുന്നത്, അവർക്കു തമ്മിൽ തമ്മിൽ ഉണ്ടാകേണ്ട ഗുണങ്ങ ളെക്കുറിച്ചുണ്ടായിരുന്ന തെറ്റായ അവരുടെ ആശയം തിരുത്തുവാനാ യിരുന്ന ഒരു ഭാഗം, സാഹോദര്യ സ്നേഹത്തിന്റെ പ്രാധാന്യം ഊന്നി പ്പറയുക എന്നതായിരുന്നു പുസ്തകത്തിന്റെ ഒരു മുഖ്യ ദൗത്യം 1 യോഹന്നാൻ 4:7, 8 നാം വായിക്കുന്നു, "പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽ നിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നേ."

"സ്നേഹിക്കുന്നവൻ എല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറിയുകയും ചെയ്യുന്നു" സ്നേഹം കൂടാതെ, പുത്രത്വത്തിനു ഒരാൾക്കു അവകാശപ്പെടാൻ സാധ്യമല്ല. ഒരു കുട്ടി തന്റെ ഭൗതിക പിതാവിന്റെ സ്വഭാവം പങ്കിടുന്നതുപോലെ, ദൈവത്തിന്റെ ആത്മിയ പൈതൽ അവന്റെ ആത്മിയ പിതാവിന്റെ സ്വഭാവവും പങ്കിടുന്നു. പിതാവു സ്നേഹമാണ്, അവന്റേതെന്നു അവകാശപ്പെടുന്നവർ അവന്റെ സ്നേഹവും പങ്കിടണം. അതു ദൈവത്തിന്റെ ഭാഗമാകുന്നതുപോലെ അവന്റെയും ഭാഗം ആകണം.

## ദൈവ സ്നേഹം മനുഷ്യന്നു കാണിച്ചിരിക്കുന്നു

ദൈവത്തെ പൂർണ്ണമായി ഗ്രഹിപ്പാൻ മനുഷ്യമനസ്സിനു കഴിഞ്ഞിട്ടില്ല. അവന്റെ കണ്ണിനു ദൈവത്തെ കാണുവാൻ കഴിയുന്നില്ല. അവന്റെ കൈകൾക്കു ദൈവത്തെ സ്പർശിക്കുവാൻ സാധ്യമല്ല. അവന്റെ മനസ്സിനു ദൈവത്തെ ആരായുവാനും സാധ്യമല്ല. ദൈവം തന്റെ സ്വഭാവവും ഗുണങ്ങളും വെളിപ്പെടുത്തിയിട്ടുണ്ട്, എങ്കിലും മനുഷ്യന്റെ പേനകൊണ്ടോ, വാക്കുകൾ കൊണ്ടോ വിവരിക്കുവാൻ സാധ്യമല്ല.

പരിമിതിയില്ലാത്ത ദൈവ മനസ്സും സ്വഭാവവും മനസ്സിലാക്കുവാൻ പരിമിതിയുള്ള മനുഷ്യനു സാധ്യമല്ല. അപ്പോൾ, പിന്നെ, മനുഷ്യൻ ദൈവ സ്വഭാവവും യാഥാർത്ഥ്യവും മനസ്സിലാക്കുവാൻ അവൻ ദൈവിക വെളിപ്പെടുത്തലിനെ ആശ്രയിക്കുകയേ വഴിയുള്ളു. ശരിയായും നമുക്കു അപ്പൊസ്തലനായ പൗലൊസിനോടുകൂടെ പറയുവാൻ കഴിയും, "അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യ ലക്ഷണങ്ങൾ ലോക സൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു ..." (റോമർ 1:20). ഈ പ്രസ്താവന ദൈവത്തിന്റെ ദൈവികത്വത്തെയും ശക്തിയെയും ആണ് പറയുന്നതെങ്കിലും അവന്റെ സ്നേഹത്തെ സംബന്ധിച്ചും അതു

വാസ്തവമാണ്. നമുക്കു അവന്റെ സ്നേഹം പ്രത്യേകമായി കാണാൻ കഴിയുന്നില്ലെങ്കിലും, അവന്റെ ദൈവികമായ മനസ്സലിവു, ദയ, കരുണ എന്നിവ മനുഷ്യരോടു പ്രവൃത്തിയാൽ തെളിയിക്കുന്നതു നമുക്കു കാണാൻ കഴിയും.

ദൈവം തന്റെ സൃഷ്ടിപരമായ പ്രവൃത്തികളാൽ മനുഷ്യരോടു തന്റെ സ്നേഹത്തെ പ്രദർശിപ്പിച്ചു. ദൈവം ലോകത്തെ സൃഷ്ടിച്ചതു വസിപ്പാനായിട്ടാണ് എന്നു പ്രവാചകനായ യെശയ്യാവു പറഞ്ഞിരിക്കുന്നു (യെശയ്യാവു 45:18). ഇതിന്റെ ശരിയായ വ്യാഖ്യാനം എന്തെന്നാൽ ദൈവം ആരംഭത്തിൽ മനുഷ്യനു വസിപ്പാനായിട്ടാണ് ലോകത്തെ ഉണ്ടാക്കിയത്, കാരണം അവൻ ദൈവത്തിന്റെ സ്നേഹ വസ്തുവായിരുന്നു. ദൂതന്മാരേക്കാൾ അല്പം താഴ്ത്തി സൃഷ്ടിച്ച മനുഷ്യനെ ദൈവം സന്ദർശിച്ചു (എബ്രായർ 2:6, 7).

ഈ വാസസ്ഥലത്തു, സ്നേഹവാനായ ദൈവം മനുഷ്യന്റെ നിലനില്പിനു ആവശ്യമുള്ളതെല്ലാം നല്കിയതോടുകൂടെ, അവനു യോജിച്ചതായ ഒരു തുണയെ അവന്റെ ആവശ്യങ്ങൾ നിറവേറ്റുവാനായി നല്കി ആ തുണയെ മനുഷ്യനുകൊടുത്തുകൊണ്ടു ധാർമികരിൽ അറിയപ്പെടുന്ന ഏറ്റവും ഉദാത്തമായ ബന്ധമാണ്, അതായത് പുരുഷനു തന്റെ ഭാര്യയോടുള്ള സ്നേഹം. ഇതു മനുഷ്യനു പ്രിയപ്പെട്ടവരുമായി ഒരു കുടുംബ ബന്ധം ഉണ്ടാക്കി വാസ്തവത്തിലുള്ള സ്നേഹം പ്രകടിപ്പിക്കുന്ന ഒരു സ്ഥാപനമായി അത്യുഗങ്ങളായി നിലനില്ക്കുന്നു സ്നേഹത്തെക്കാൾ മധുരമായ മറ്റൊന്നു മനുഷ്യൻ അറിയുന്നില്ല.

ഭൗതികലോകത്തെ ദൈവം സൃഷ്ടിച്ചപ്പോൾ, ദൈവ സ്നേഹം പ്രതിഫലിപ്പിച്ചു. പ്രത്യേകതയുള്ള ഏദൻ തോട്ടത്തിലാണ് ദൈവം മനുഷ്യരെ ആക്കിയത്. മനുഷ്യൻ പാപം ചെയ്യുകയും അവനെ ദൈവം തോട്ടത്തിൽ നിന്നു പുറത്താക്കുകയും ചെയ്തിട്ടും ആ സ്നേഹം തെളിയിച്ചുകൊണ്ടിരുന്നു. ഭൂമി ശപിക്കപ്പെട്ടു മനുഷ്യൻ വേല ചെയ്യുവാൻ നിർബ്ബന്ധിതനായെങ്കിലും അവന്നു ഫലപൂയിഷ്ട കാലാവസ്ഥയും കാലാവസാനം വരെ വിതെക്കുവാനും കൊയ്യുവാനും ഉള്ള കാലവും ഉറപ്പു വരുത്തി.

മനുഷ്യനു തനിയെ, ലോക പ്രശ്നങ്ങളിൽ നിന്നും, ഒഴിഞ്ഞു മാറുവാൻ വഴികണ്ടെത്താൻ കഴിഞ്ഞില്ല. പ്രശ്നങ്ങളുടെ പരിഹാരം അവനിൽ ഇല്ല. വീണ്ടും, നിർദ്ദേശങ്ങൾ നല്കുക വഴി അവൻ തന്റെ സ്നേഹത്തെ പ്രകടമാക്കി. ദൈവം വിവിധ സന്ദേശ വാഹകരിലൂടെ തന്നെ വെളിപ്പെടുത്തി. അവൻ ഇരുട്ടിനെ അകറ്റുവാൻ മനുഷ്യനു വെളിച്ചം നല്കി, മനുഷ്യനെ സഹായിക്കുവാൻ ആലോചനയും കൊടുത്തു. ആ നിർദ്ദേശങ്ങളും ആലോചനയുമാണ് ''പുസ്തക ങ്ങളുടെ പുസ്തകങ്ങളിൽ ഉള്ളത് സ്നേഹം തന്നെ എന്നു തെളിയിക്കുന്ന വസ്തുതയാണ് ബൈബിൾ."

മനുഷ്യന്റെ പാപങ്ങൾക്കു ഒരു പ്രതിവിധി നല്കി എന്നതാണ് ദൈവസ്നേഹത്തിന്റെ ഏറ്റവും വലിയ തെളിവു. യോഹന്നാൻ 3:16 ബൈബിളിലെ "സുവർണ്ണഭാഗം" എന്നു വിവരിക്കപ്പെട്ടിരിക്കുന്നു. അതു യോജിക്കുന്ന ഒന്നാണ്. കാരണം, ആ വേദഭാഗം ദൈവസ്നേഹത്തിന്റെ

ഉദാത്ത ഉദാഹരണമാണ്. നമുക്കു പകരമായി ദൈവം തന്റെ പുത്രനെ നല്കുവാന്തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. യോഹന്നാൻ പറഞ്ഞു, "അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്നു അറിഞ്ഞിരിക്കുന്നു" (1 യോഹന്നാൻ 3:16). ദൈവ സ്നേഹം, മനുഷ്യരോടു നാലു ദിശയിലേക്കും പ്രവഹിക്കുന്നതു അധികവും നാം കാണുന്നതു കാൽവരി ക്രൂശിലാണ്. ആത്മാക്കളെക്കുറിച്ചുള്ള അവന്റെ കരുതലിന്റെ നീളം, ആഴം, ഉയരം, വീതി അതു കാണിക്കുന്നു.

ദൈവ സ്നേഹത്തിന്റെ മറ്റൊരു പ്രതിഫലമാണ് ദൈവ ഭവനത്തിന്റെ കൂട്ടായ്മയും സന്തോഷവും. ദൈവ സഭയിലേക്കു ചേർക്കപ്പെടുന്നവരുടെ നേട്ടമാണ് ഈ കൂട്ടായ്മ. അതിൽ തന്റെ ജനം എല്ലാ അനുഗ്രഹങ്ങളും അനുഭവിക്കുന്നു. അവൻ സഭയെ സ്നേഹിച്ചതുകൊണ്ട് തന്നെ അയച്ചു അതു സാധ്യമാക്കി. ആ പുത്രൻ സഭയെ സ്നേഹിച്ചു, അതിനെ നിർമ്മലവും വിശുദ്ധവുമാക്കി, ദൈവാത്മാവിന്നു വാസയോഗ്യമാക്കി.

ദൈവ സ്നേഹത്തിന്റെ അവസാന അടയാളമായി, കല്ലറക്കപ്പുറമായി ജീവിതത്തിനു പ്രത്യാശയുണ്ടെന്നു നമ്മെ ഓർമ്മിപ്പിക്കുന്നു. സ്നേഹവാനായ ദൈവം ഇതു മനുഷ്യരിൽ ശ്വാസിയമായി കൊടുത്തിരിക്കുന്നു, ഇനി മനുഷ്യരാണ് ആ പ്രചോദനത്താൽ നീതിയോടെ ജീവിക്കേണ്ടത്. ജീവിതം നിത്യതയിലേക്കുള്ള ഒരു പടിമാത്രമാണെന്നുള്ള വിശ്വാസം, ശക്തമായ ജീവിതം നയിക്കുവാൻ പ്രേരിപ്പിക്കുന്നു. ജീവിതത്തിൽ പരീക്ഷിക്കപ്പെടുന്ന പ്രശ്നങ്ങളെ സഹിക്കുവാനും ശാരീരികവും മാനസികവുമായ കഷ്ടതകളെ സഹിക്കുവാൻ പ്രത്യാശ സഹായിക്കുകയും ചെയ്യും. ജീവനും ഭക്തിയും വേണ്ട എല്ലാ അനുഗ്രഹങ്ങളും നല്കിയിരിക്കുന്ന പ്രത്യാശ ദൈവ സ്നേഹം പ്രദർശിപ്പിച്ചിരിക്കുന്നതിന്റെ മറ്റൊരു തെളിവാണ്.

### ദൈവസ്നേഹത്തോടുമനുഷ്യന്റെ പ്രതികരണം

മനുഷ്യരിൽ നിന്നു ഒരു സ്നേഹ പ്രതികരണം പ്രതീക്ഷിച്ചു ദൈവം തന്റെ സ്നേഹം മനുഷ്യരിലേക്കു പകർന്നു. യോഹന്നാൻ പറഞ്ഞു, ''അവൻ നമ്മെ ആദ്യം സ്നേഹിച്ചതുകൊണ്ടു നാം അവനെ സ്നേഹിക്കുന്നു" (1 യോഹന്നാൻ 4:19). നാം അവനെ സ്നേഹിക്കുവാൻ, അവൻ സ്നേഹിക്കുന്നവരെ നാം സ്നേഹിക്കണം; ദൈവജനത്തോടു മോശമായി പെരുമാറിക്കൊണ്ടു ദൈവത്തെ സ്നേഹിക്കാൻ കഴിയും എന്നതു തെറ്റായ ധാരണയാണ്. "തന്നേക്കാൾ ശ്രേഷ്ഠരെന്നു" കരുതി ഓരോ ക്രിസ്ത്യാനിയും ദൈവജനത്തെ സ്നേഹിക്കേണ്ടതാണെന്നു അപ്പൊസ്തലനായ പൗലൊസ് ഓരോ ക്രിസ്ത്യാനിയോടും പ്രബോധിച്ചിരിക്കുന്നു (ഫിലിപ്പിയർ 2:3).

സ്നേഹം ശുശ്രൂഷ എന്നു തർജ്ജിമ ചെയ്യണം. സ്നേഹം മൂലം പ്രവർത്തിക്കുന്ന വിശ്വാസമാണ് ദൈവസന്നിധിയിൽ ഫലപ്രദമായ വിശ്വാസം. യേശു പറഞ്ഞു, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും'' (യോഹന്നാൻ 14:15).

അതുകൊണ്ടു, സ്നേഹം, ശുശ്രൂഷയിൽ നിന്നു വേർപെടുത്താവുന്നതല്ല; ദൈവജനത്തോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതു ശുശ്രൂഷയിലൂടെയാണ്. നാം മനുഷ്യരുടെ ആത്മാക്കളെ സ്നേഹിക്കുകയും അവരുടെ രക്ഷ ആഗ്രഹിക്കുകയും അതേ സമയം അവർക്കു ആവശ്യമുള്ള ശുശ്രൂഷ ചെയ്യുകയും വേണം. നാം ആളുകളുടെ ഭൗതികമായ ആവശ്യങ്ങളുടെ നേരെ കണ്ണും കാതും അടച്ചാൽ നമുക്കു കുറച്ചുമാത്രം ആത്മാക്കളെ ആത്മിയാഹാരത്താൽ നേടുവാൻ കഴിയും. യേശു നന്മ ചെയ്തുകൊണ്ടിരുന്നു, അതുപോലെ സ്നേഹിക്കുന്നവർ ആ മാതൃകയസരിച്ചു സ്നേഹിക്കേണ്ടതാകുന്നു.

ദൈവ സ്നേഹത്തിന്റെ ഗുണത്തേയും സ്വഭാവത്തേയും വ്യക്തമാക്കുന്നതാണ് സുപരിചിതമായ പൗലൊസിന്റെ ലേഖനം ആയ 1 കൊരിന്ത്യർ 13. ദൈവദാസൻ പറഞ്ഞു,

> സ്നേഹം ദീർഘമായി ക്ഷമിക്കയും ദയകാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല, സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല, അനീതിയിൽ സന്തോഷിക്കാതെ, സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു (വാക്യങ്ങൾ 4-7).

ഈ വേദഭാഗം വിവരിക്കുന്ന സ്നേഹസ്വഭാവത്തെ ആണെങ്കിലും - ദൈവം സ്നേഹം ആകയാൽ - അതു ദൈവത്തെക്കുറിച്ചുള്ള വിവരണം കൂടെയാണ്. ''സ്നേഹം'' എന്നതിനു പകരം ''ദൈവം'' എന്ന വാക്കുപയോഗിച്ചു വായിക്കുന്നതു നന്നായിരിക്കും:

> ദൈവം ദീർഘമായി ക്ഷമിക്കയും ദയകാണിക്കയും ചെയ്യുന്നു; ദൈവം സ്പർദ്ധിക്കുന്നില്ല, ദൈവം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല, അനീതിയിൽ സന്തോഷിക്കാതെ, സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു,

ദൈവമകൻ ദൈവസ്വഭാവം കൈവരിക്കേണ്ടതായിട്ടുള്ളതുകൊണ്ട്, തന്റെ പേര് ഈ തിരുവെഴുത്തുഭാഗത്തിന് പകരം വയ്ക്കുക. നമുക്ക് വീണ്ടും ഈ വിധത്തിൽ വായിക്കാം:

> ഒരു ക്രിസ്ത്യാനി ക്ഷമിക്കുന്നവനും, ഒരു ക്രിസ്ത്യാനി ദയവുള്ളവനും അസൂയ ഇല്ലാത്തവനും; ഒരു ക്രിസ്ത്യാനി

> ഈർഷ്യയും പകയും ഇല്ലാത്തവൻ, അകാരണമായി ദേഷ്യ പ്പെടാത്തവൻ ; ഒരു ക്രിസ്ത്യാനി തന്റേതുമാത്രം അന്വേഷിക്കാ ത്തവൻ, പ്രകോപനമില്ലാത്തവനും, ദോഷം കണക്കിടാത്തവനും, അനീതിയിൽ സന്തോഷിക്കാത്തവനും ആയിരിക്കും; എല്ലാം കേൾക്കുകയും, എല്ലാം വിശ്വസിക്കുകയും, എല്ലാം പ്രത്യാശി ക്കുകയും, എല്ലാം സഹിക്കുകയും ചെയ്യും.

അവസാനം, നമ്മെ ഓരോരുത്തരേയും ആ വാക്കിനു പകരമായി വെച്ചുകൊണ്ടു വായിക്കാം:

> ഞാൻ ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; ഞാൻ സ്പർശിക്കുന്നില്ല, ഞാൻ നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല, ആ നീതിയിൽ സന്തോഷിക്കാതെ, സത്യത്തിൽ സന്തോഷിക്കുന്നു, എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

ആർക്കും അത്തരം യോഗ്യതയുള്ളതായി സ്വയം അവകാശ പ്പെടുവാൻ കഴിയുകയില്ല, എന്നാൽ അതു ശിഷ്യത്വത്തിന്റെ വാസ്തവ ത്തിലുള്ള പരീക്ഷണമാണ്. നമുക്കു വാസ്തവത്തിൽ ദൈവത്തെ അറിയാമോ? നമ്മിൽ ദൈവത്തിന്റെ സ്വഭാവം ഉണ്ടെന്നു നമുക്കു പറയാൻ കഴിയുമോ? നാം ഉത്തരം പറയുമ്പോൾ, നാം അവൻ എങ്ങനെ പറഞ്ഞു എന്നോർക്കുക സ്നേഹിക്കാത്തവൻ ദൈവത്തെ അറിയു ന്നില്ല, ദൈവം സ്നേഹമാകുന്നു (1 യോഹന്നാൻ 4:8); "നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹന്നാൻ 13:35).

സ്നേഹത്തിന്റെ പ്രാധാന്യത്തെ പൗലൊസ് പറഞ്ഞിരിക്കുന്നതു നാം ആരായുമ്പോൾ, മനുഷ്യന്റെ സ്വാർത്ഥ സ്വഭാവമാണ് നമ്മിൽ വരുന്നത്. മനുഷ്യൻ സ്വയം - പര്യാപ്തനാണെന്ന ചിന്ത ഉണർത്തു കയാണ് അപ്പോൾ അവൻ മറ്റുള്ളവരെ വിമർശിക്കുമ്പോൾ അവൻ എത്ര താഴുന്നു എന്നോർമ്മിപ്പിക്കുന്നു. തന്റെ കണ്ണിൽ കോൽ കിടക്കുമ്പോൾ, സഹോദരന്റെ കണ്ണിലെ കരട് എങ്ങനെകാണും എന്നതും നമ്മെ ഓർമ്മിപ്പിക്കുന്നു (മത്തായി 7:3, 4; കെജെവി).

സ്നേഹമില്ലെങ്കിൽ ദൈവത്തിനു ഒരു ഗുണവുമില്ല എന്നു ഊന്നി ഉപദേശിക്കുന്നതിൽ നാം പരാജയപ്പെട്ടിട്ടുണ്ടോ? ദൈവ പുരുഷ ന്മാർക്കു അത്ഭുതവരങ്ങൾ നല്കിയപ്പോൾ, സ്നേഹമില്ലെങ്കിൽ അവരുടെ പ്രവൃത്തികൾ ദൈവമുൻപിൽ ശൂന്യമാണ് (1 കൊരിന്ത്യർ 13:1, 2). ആ വരങ്ങൾ ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുകയും പിന്നെ നിന്നു പോകയും ചെയ്തു; ഇപ്പോൾ നില നില്ക്കുന്നത്, വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാണ്. "ശ്രേഷ്ഠമായതു സ്നേഹം അത്രേ" എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 13:13). ഒരാളുടെ

വിശ്വാസത്തിനും പ്രത്യാശക്കും വില നല്കുന്നത് ആ ഗുണമാണ്. ആ ഗുണത്താൽ നാം ദൈവത്തിന്റേതോ അല്ലയോ എന്ന് അറിയാം. അതിനാൽ നാം വാസ്തവത്തിൽ അവന്റെ മക്കളാണോ അല്ലയോ എന്നറിയാം. ഇതിനാൽ ഈ ഭൂമിയിലെ ജീവിതശേഷം അവന്റെ സന്നിധിയിൽ ചെല്ലുമ്പോൾ നാം അവനെ ഇഷ്ടപ്പെട്ടോ ഇല്ലയോ എന്നറിയാം.

---

കുറിപ്പ്

[1]ഫ്രെഡറിക് മാർട്ടിൻ ലേമാൻ, "*ദ ലവ്വ് ഓഫ് ഗോഡ്*," *സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്*, കോമ്പ്, ആന്റ് എഡ്. ആൾട്ടൻ എച്ച് ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാഡ് പബ്ലിഷിങ് കമ്പനി., 1996).

ഈ പാഠം 1958-ലെ, അബിലീൻ ക്രിസ്റ്റ്യൻ കോളേജ് ലെക്ച്ചേഴ്സിന്റെ പുനഃപ്രസിദ്ധീകരണമാണ്. അബിലീൻ ക്രിസ്റ്റ്യൻ യൂണിവേഴ്സിറ്റി ലെക്ച്ചർഷിപ്പ് ഡയറക്ടറുടെ അനുവാദത്തോടെയാണ് ഉപയോഗിച്ചിരിക്കുന്നത്.

© 2009 Truth for Today